# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4046 27.6.2012-ൽ മറുപടിയ്ക്ക്

# ചേർത്തല താലൂക്കിലെ കുടിവെള്ളവിതരണം

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | | മറുപടി<br>ശ്രീ. പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ചേർത്തല താലൂക്കിൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ജനങ്ങൾക്ക് വിതരണം ചെയ്യേണ്ട വെള്ളം കൊച്ചിയിലെ വ്യവസായ സ്ഥാപനങ്ങളിലേയ്ക്ക് വിതരണം ചെയ്യാൻ നീക്കം നടക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് വാസ്തവമാണോ; | (എ) | ശ്രദ്ധയിൽ പെട്ടിട്ടില്ല. ഈ ആരോപണം വാസ്തവമല്ല. |
| (ബി) | വർഷങ്ങൾക്കു മുമ്പ് അപേക്ഷ നൽകി കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്ന ചേർത്തലയിലെ ജനങ്ങൾക്ക് കുടിവെള്ളം കിട്ടുന്നതിന് സങ്കീർണ്ണമായ നടപടിക്രമങ്ങൾ പാലിക്കണമെന്ന സാഹചര്യമാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും അതുകൊണ്ടാണ് കുടിവെള്ളകണക്ഷന് അപേക്ഷിക്കാൻ ജനങ്ങൾ വൈമുഖ്യം കാണിക്കുന്നതെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ബുദ്ധിമുട്ടുകൾ ഒഴിവാക്കി അമിതമായ സാമ്പത്തിക ബാധ്യതകളും നടപടി ക്രമങ്ങളും ലഘൂകരിച്ച് എത്രയും വേഗം ജനങ്ങൾക്ക് കുടിവെള്ളം | (ബി) | നടപടി ക്രമങ്ങളിൽ സാധാരണയിൽ കവിഞ്ഞ സങ്കീർണ്ണതകൾ ഒന്നുമില്ല. ജപ്പാൻ കടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല സ്ഥാപിച്ച സമയത്ത് വാട്ടർ കണക്ഷനുവേണ്ടി മുൻകൂർ രജിസ്ട്രേഷൻ സൗകര്യങ്ങൾ ഏർ പ്പെടുത്തിയിരുന്നു. അപ്രകാരം രജിസ്റ്റർ ചെയ്ത് നടപടിക്രമങ്ങൾ പൂർത്തിയാക്കിയ 13600 അപേക്ഷർക്ക് വിതരണ ശൃംഖലയുടെ കോൺട്രാക്ടർ മുഖേന മീറ്റർ ചേംബർ വരെ കണക്ഷൻ ലൈൻ സ്ഥാപിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ നിബന്ധന പ്രകാരം ഈ അപേക്ഷകർ വാട്ടർ അതോറിറ്റി ചേർത്തല സബ് ഡിവിഷനിൽ വാട്ടർ സപ്ലൈ റഗുലേഷൻ അനുസരിച്ചുള്ള അപേക്ഷ |

| | |
|---|---|
| ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | നൽകിയാൽ കണക്ഷൻ നല്കുന്നതാണ്. മെയിൻ പൈപ്പ് ലൈനിൽ നിന്നും 5 മീറ്റർ വരെയുള്ള കണക്ഷന് 2000 രൂപയും അതിനുശേഷമുള്ള ഓരോ മീറ്ററിനും 70 രൂപ പ്രകാരവുമാണ് പൈപ്പ് ലൈനിനുവേണ്ടി അടയ്ക്കേണ്ടത്. കൂടാതെ റഗുലേഷൻ പ്രകാരമുള്ള കണക്ഷൻ ഫീസായി 560 രൂപയും ആപ്ലിക്കേഷൻ ഫീസ് 15 രൂപയും അടയ്ക്കണം. മുൻകൂർ രജിസ്റ്റർ ചെയ്ത അപേക്ഷകരിൽനിന്ന് ടാർ കട്ടിംഗ് തുക ഈടാക്കുന്നില്ല. മുൻകൂർ രജിസ്ട്രേഷൻ ഫീസ് മൊത്തം തുകയിൽ നിന്നും കുറവ് ചെയ്യുന്നതുമാണ്. ഇപ്രകാരം മുൻകൂർ രജിസ്റ്റർ ചെയ്തവരിൽ നിന്നും ഈടാക്കുന്ന തുക സാധാരണയായി കണക്ഷനുവേണ്ടി ഉപഭോക്താവ് വഹിക്കേണ്ട ചെലവിൽ നിന്നും കുറവാണ്. കണക്ഷനുവേണ്ടി വരുന്ന തുക തവണകളായി അടയ്ക്കുന്നതിനും ഇപ്പോൾ സൗകര്യമുണ്ട്. മുൻകൂർ രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഉപഭോക്താക്കൾക്ക് സാധാരണ രീതിയിൽ കണക്ഷന് അപേക്ഷിക്കാവുന്നതാണ്. അതിനുവേണ്ടി ചേർത്തല ജൈക്ക പ്രോജക്ട് ആഫീസിലാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്. അപേക്ഷകർക്കെല്ലാം തന്നെ എത്രയുംവേഗം കണക്ഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ